# Athmaraksha.org

ജപമാല

## തിരുമുഖത്തിന്റെ ജപമാല-Rosary



തിരുമുഖത്തിന്റെ ജപമാല

ഓ! ഈശോയുടെ തിരുമുഖമേ ഞങ്ങളുടെ പ്രാർത്ഥന അങ്ങേ തിരുസന്നിധിയിൽ എത്തുന്നതുവരെ ഞങ്ങളങ്ങയെ വിളിച്ചപേക്ഷിക്കുന്നു. അങ്ങേക്ക് ഞങ്ങളെ അത്ഭുതകരമായി രക്ഷിക്കാൻ കഴിയുമല്ലോ. പരിശുദ്ധനായ ദൈവമേ, സർവ്വശക്തനായ ദൈവമേ, മരണമില്ലാത്ത ദൈവമേ, ഞങ്ങളിലും ലോകം മുഴുവനിലും കരുണതോന്നണമെ.

സ്വർഗ്ഗസ്ഥനായ പിതാവേ! എളിമയോടും അതിയായ ആഗ്രഹത്തോടുംകൂടി ഈശോയുടെ തിരുമുഖത്തിന്റെ അനന്തമായ യോഗ്യതകളെയും സഹനങ്ങളെയും തിരുരക്തത്തേയും തിരുമുറിവുകളേയും കണ്ണുനീരുകളേയും അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായത്തിനുമായി കാഴ്ചവയ്ക്കുന്നു.

1)തിരുമുറിവുകളാൽ ആവൃതമായിരിക്കുന്ന ഈശോയുടെ തിരുമുഖമേ! അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ. (10 സ്വർഗ്ഗ)

സ്വർഗ്ഗസ്ഥനായ പിതാവേ! എളിമയോടും അതിയായ ആഗ്രഹത്തോടുംകൂടി ഈശോയുടെ തിരുമുഖത്തിന്റെ അനന്തമായ യോഗ്യതകളെയും സഹനങ്ങളെയും തിരുരക്തത്തേയും തിരുമുറിവുകളേയും കണ്ണുനീരുകളേയും അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായത്തിനുമായി കാഴ്ചവയ്ക്കുന്നു.

2)തിരുരക്തത്താൽ ആവൃതമായിരിക്കുന്ന ഈശോയുടെ തിരുമുഖമേ! അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട്

കരുണ തോന്നണമേ. (10 സ്വർഗ്ഗ)

സ്വർഗ്ഗസ്ഥനായ പിതാവേ! എളിമയോടും അതിയായ ആഗ്രഹത്തോടുംകൂടി ഈശോയുടെ തിരുമുഖത്തിന്റെ അനന്തമായ യോഗ്യതകളെയും സഹനങ്ങളെയും തിരുരക്തത്തേയും തിരുമുറിവുകളേയും കണ്ണുനീരുകളേയും അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായത്തിനുമായി കാഴ്ചവയ്ക്കുന്നു.

3)ഞങ്ങളോടുള്ള അനന്തമായ സ്നേഹത്താൽ കണ്ണീരൊഴുക്കിയ ഈശോയുടെ തിരുമുഖമേ! അങ്ങേ വിളിച്ചപേക്ഷിച്ചവരോട് കരുണ തോന്നണമേ. (10 സ്വർഗ്ഗ)

സ്വർഗ്ഗസ്ഥനായ പിതാവേ! എളിമയോടും അതിയായ ആഗ്രഹത്തോടുംകൂടി ഈശോയുടെ തിരുമുഖത്തിന്റെ അനന്തമായ യോഗ്യതകളെയും സഹനങ്ങളെയും തിരുരക്തത്തേയും തിരുമുറിവുകളേയും കണ്ണുനീരുകളേയും അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായത്തിനുമായി കാഴ്ചവയ്ക്കുന്നു.

4)നിന്ദിതനും അപമാനിതനുമായ ഈശോയുടെ തിരുമുഖമേ! അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ. (10 സ്വർഗ്ഗ)

സ്വർഗ്ഗസ്ഥനായ പിതാവേ! എളിമയോടും അതിയായ ആഗ്രഹത്തോടുംകൂടി ഈശോയുടെ തിരുമുഖത്തിന്റെ അനന്തമായ യോഗ്യതകളെയും സഹനങ്ങളെയും തിരുരക്തത്തേയും തിരുമുറിവുകളേയും കണ്ണുനീരുകളേയും അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായത്തിനുമായി കാഴ്ചവയ്ക്കുന്നു.

5)ഏറ്റവും ആഴമേറിയ വേദനയും നിശ്ശബ്ദമായി സഹിച്ച ഈശോയുടെ തിരുമുഖമേ! അങ്ങേ വിളിച്ചപേക്ഷിക്കുന്നവരോട് കരുണ തോന്നണമേ. (10 സ്വർഗ്ഗ)

സ്വർഗ്ഗസ്ഥനായ പിതാവേ! എളിമയോടും അതിയായ ആഗ്രഹത്തോടുംകൂടി ഈശോയുടെ തിരുമുഖത്തിന്റെ അനന്തമായ യോഗ്യതകളെയും സഹനങ്ങളെയും തിരുരക്തത്തേയും തിരുമുറിവുകളേയും കണ്ണുനീരുകളേയും അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായത്തിനുമായി കാഴ്ചവയ്ക്കുന്നു.

## പ്രാർത്ഥിക്കാം

ഞങ്ങളുടെ രക്ഷകനും ഞങ്ങളോടുള്ള സ്നേഹത്താലും കരുണയാലും അനന്തമായ യോഗ്യതകൾ നേടിത്തന്നവനുമായ ഈശോയുടെ തിരുമുഖമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. യഥാർഥ മനസ്താപവും പാപമോചനവും ഞങ്ങൾക്ക തരണമേ. ഞങ്ങളുടെ ജീവിത വിശുദ്ധിയാലും അചഞ്ചലമായ വിശ്വാസസാക്ഷ്യത്താലും ആഴമേറിയ സ്നേഹത്താലും അങ്ങേ തിരുമുഖത്തെ ഞങ്ങൾ ആശ്വസിപ്പിക്കട്ടെ. ആമ്മേൻ.

നിത്യപിതാവേ എന്റെയും ലോകം മുഴുവന്റെയും പാപങ്ങളുടെ പരിഹാരമായിട്ടും അജ്ഞാനികൾ മനസ്സ് തിരിഞ്ഞ് തിരുസഭയിൽ ചേരുന്നതിനും, ശുദ്ധീകരണസ്ഥലത്തെ

ആത്മാക്കൾക്ക് ആശ്വാസം ലഭിക്കുന്നതിനും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുറിവുകളെ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ച്ച വയ്ക്കുന്നു.

എന്റെ ഈശോയെ അങ്ങേ തിരുമുറിവുകളുടെ യോഗ്യതകളെ ഓർത്ത് എന്റെ പാപങ്ങൾ പൊറുക്കേണമേ (3 പ്രാവശ്യം)
നിത്യപിതാവേ ഞങ്ങളുടെ ആത്മീയ മുറിവുകൾ സൗഖ്യമാക്കുന്നതിനായി ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുറിവുകളെ അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ച വയ്ക്കുന്നു (3 പ്രാവശ്യം).

+++